## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് -Hospital (Group-C) കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: അഡ്മിനിസ്ട്രേറ്റർ, മേഴ്സി ഹോസ്പിറ്റൽ, പൊതി, തലയോലപ്പറമ്പ്, നേരിട്ട് നൽകിയ അപേക്ഷ.

=====================================================================

**ഉത്തരവ് നമ്പർ C/125/2019/D.Dis, തീയതി : 06.02.2019.**

=====================================================================

കോട്ടയം ജില്ലയിലെ, തലയോലപ്പറമ്പ് പഞ്ചായത്ത് പരിധിയിലുള്ള വടയാർ വില്ലേജിൽ, റീ സർവ്വെ നമ്പർ 440/1A-15440/1A-2-2 ൽ പെട്ട 12141 ച.മീറ്റർ വിസ്തീർണ്ണ മുള്ള സ്ഥലത്ത് നിലവിലുള്ള 9480.17 ച.മീറ്റർ കെട്ടിടങ്ങളോട് ചേർന്ന് 630.85 ച.മീറ്റർ വിസ്തീർണ്ണ മുള്ള ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന്, KPBR-2011 ലെ ചട്ടങ്ങൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗ ത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണം അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ,വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.

2. ജില്ലാ മെഡിക്കൽ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.

3. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

5. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.

6. ചട്ടം 56(4,5) പ്രകാരം ആവശ്യമായ അഗ്നി സുരക്ഷാ സംവിധാനവും അഗ്നിശമന സേനാ ഡയറക്ടറുടെ അനുമതിയും ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം

7 പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

8. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

9 ചട്ടപകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.

10. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

11. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ 09/19/KTM ഉള്ളടക്കം ചെയ്യുന്നു.

OFFICE OF THE TOWN PLANNER
PIN - 686 001
PH: 2564180
KOTTAYAM

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

പകർപ്പ് : Administrator
Mercy Hospital
Pothi, Thalayolaparambu
Kottayam-686605 (പ്ലാൻ 1 സെറ്റ് സഹിതം)

2. അധികം -1

MD/07.02.19
MD/07.02.19